**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 280** **23-08-2022 - ൽ മറുപടിയ്ക്ക്**

**പോഷകബാല്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പോഷകബാല്യം പദ്ധതിയുടെ ഭാഗമായി അംഗൻവാടി പ്രീസ്കൂൾ കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അറുപത്തിയൊന്ന് കോടി അമ്പത് ലക്ഷം രൂപ സർക്കാർ വകയിരുത്തുകയും "പോഷകബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്" എന്ന ഈ പദ്ധതി വഴി മുട്ട നൽകുന്നതിന് 30/05/2022ലെ സർക്കാർ ഉത്തരവ് (സാധാ)നം. 288/2022/വ.ശി.വി.വ പ്രകാരം 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) രൂപയും, പാൽ വിതരണം ചെയ്യുന്നതിന് 30/05/2022ലെ സർക്കാർ ഉത്തരവ് (സാധാ)നം. 289/2022/ വ.ശി.വി.വ പ്രകാരം 31,50,00,000/- (മുപ്പത്തി ഒന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം )രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര അംഗൻവാടി പ്രീസ്കൂൾ കുട്ടികൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | (ബി) "പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്" എന്ന ഈ പദ്ധതി വനിത ശിശു വികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. അങ്കണവാടിയിലെ മൂന്ന് വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ